(സി) ഇപ്പോഴും ആവശ്യമുള്ളത്ര കിടക്കകളും ഉണ്ടോ ;
(ഡി) ആവശ്യത്തിനു കിടക്കകളും ഇല്ലെങ്കിൽ കൂടുതൽ കിടക്കകളും കിട്ടാൻ എന്തു നടപടി സ്വീകരിക്കുന്നുണ്ട് ?

ഉത്തരം.

(എ) 1. പുരുഷന്മാക്കുള്ള വാർഡു്.
2. സ്ത്രീകൾക്കുള്ള ജനറൽവാർഡു്.
3. പ്രസവവാർഡു്.

(ബി) 1. പുരുഷന്മാക്കുള്ള വാർഡിൽ 24 കിടക്കകളും.
2. സ്ത്രീകൾക്കുള്ള ജനറൽ വാർഡിൽ 19 കിടക്കകളും.
3. പ്രസവവാർഡിൽ 12 കിടക്കകളും.

(സി) ആവശ്യാനുസരണം ബഡ്ഡുകളും ഇല്ല.
(ഡി) സ്റ്റോറിലെ മിക്കവാറും എല്ലാ ആശുപത്രികളിലും രോഗികളുടെ എണ്ണം അനുവദിക്കപ്പെട്ടിട്ടുള്ള ബഡ്ഡുകളെക്കാൾ കൂടുതലാണു്. ബഡ്ഡുറിൽ തുക ലഭ്യമാകുന്നതനുസരിച്ചു് കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ നടപടികളും സ്വീകരിച്ചുവരുന്നുണ്ടു്.

അടൂർ ആശുപത്രി

27. [5] പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടൂർ ആശുപത്രിയിൽ സ്ത്രീകളുടെ വാർഡിൽ കുഞ്ഞുങ്ങളെക്കൂടി കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ടോ ;

(ബി) ഇല്ലെങ്കിൽ കുഞ്ഞുങ്ങൾക്കു പ്രത്യേകം വാർഡുണ്ടാക്കാൻ ദയവുണ്ടാകുമോ ;

(സി) ടി ആശുപത്രിയിൽ സൗകര്യപ്രദമായ ഒരു കിച്ചൻ ഉണ്ടോ ; ഇല്ലെങ്കിൽ സൗകര്യപ്രദമായ ഒരു കിച്ചൻ ഉണ്ടാക്കുവാൻ ദയവുണ്ടാകുമോ ;

(ഡി) ടി ആശുപത്രിയിൽ എത്ര ക്ലീനർമാരുണ്ടു് ;

(ഇ) ഇപ്പോഴുള്ള ക്ലീനർമാർ മതിയാകുമോ ; പോരായെങ്കിൽ കൂടുതൽ ആളുകളെ നിയമിക്കുവാൻ ദയവുണ്ടാകുമോ :

(എഫ്) ആശുപത്രിക്കു ചുറ്റും എന്തെങ്കിലും മതിൽകെട്ടു് ഇപ്പോഴുണ്ടോ, ഇല്ലെങ്കിൽ ചുറ്റും മതിൽകെട്ടിക്കുവാൻ ദയവുണ്ടാകുമോ ?

ഉത്തരം.

(എ) ഇല്ല.
(ബി) ഇപ്പോഴും പരിപാടിയില്ല.
(സി) സൗകര്യപ്രദമായ കിച്ചൻ ഉണ്ടു്.
(ഡി) 4.
(ഇ) ഇപ്പോഴും ഉള്ള ക്ലീനർമാർ മതിയാകും.
(എഫ്) ആശുപത്രിക്കു ചുറ്റും പൂർത്തിയായ മതിൽകെട്ടു് ഇപ്പോഴില്ല. ബഡ്ഡുറിൽ പണം ലഭ്യമാകുന്നതനുസരിച്ചു് ഇതേപ്പറ്റി പര്യാലോചിക്കാം.

കരിമ്പുവില.

28. [6] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ സീസണിലേയും കരിമ്പുവില നിശ്ചയിക്കുന്നതു് ഏതു മാസത്തിലാണു് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിൽ പമ്പാറിവർ ഫാക്ടറിയിൽ കരിമ്പുക്രഷിംഗ് ഏതു മാസത്തിലാണ് തുടങ്ങുന്നത് ;

(സി) സെപ്റ്റംബറിലും ഒക്ടോബറിലും കൊടുക്കുന്ന കരിമ്പിനു ഗവണ്മെന്റ് ഓരോ വർഷവും നിശ്ചയിക്കുന്ന വില കിട്ടുന്നില്ലെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) കരിമ്പുവില നിശ്ചയിക്കുമ്പോൾ കേരളത്തിൽ ക്രഷിംഗ് തുടങ്ങുന്ന സെപ്റ്റംബർമാസം മുതൽ കൊടുക്കുന്ന കരിമ്പിനു ഇൻഡ്യാഗവണ്മെന്റു നിശ്ചയിക്കുന്ന വില കിട്ടത്തക്കവണ്ണം നിശ്ചയിക്കുന്നതിനു ഈ ഗവണ്മെന്റു സെൻട്രൽ ഗവണ്മെന്റിനു വല്ല നിവേദനവും സമർപ്പിച്ചിട്ടുണ്ടോ ;

(ഇ) ഇതു സംബന്ധിച്ചു തിരുവല്ലായിലെ കൃഷിക്കാരിൽനിന്നും വല്ല നിവേദനവും ഈ ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ?

ഉത്തരം.

(എ) ഒക്ടോബർ മാസത്തിൽ.
(ബി) സെപ്റ്റംബർ മാസത്തിൽ.
(സി) ഇല്ല.
(ഡി) ഇല്ല.
(ഇ) ഇതു സംബന്ധിച്ചു നിവേദനമൊന്നും ലഭിച്ചിട്ടില്ല.

ദേവസ്വം ഭൂമികൾ.

29. [8] ശ്രീ. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാറിലെ പല ക്ഷേത്രങ്ങൾക്കും ദേവസ്വംഭൂമികൾ തരിശായി കുറെയൊക്കെ അവശേഷിച്ചിരിക്കുന്നതിലെങ്കിലും ക്ഷേത്രങ്ങളുടെ ഭാവി നടത്തിപ്പിനെ മുൻനിറുത്തി വാണിജ്യവിള ഉൽപ്പാദിപ്പിക്കുന്നതു കൃഷികൾ ചെയ്യുന്ന കാര്യത്തിനു ഒരു സ്കീം തയ്യാറാക്കാൻ ഭയവുണ്ടാകുമോ ;

(ബി) ക്ഷേത്ര ഭാരവാഹികളുമായി ഇതു സംബന്ധിച്ചു ചർച്ചനടത്തി അതിന്റെ അടിസ്ഥാനത്തിൽ ഒരു വിശദ റിപ്പോർട്ടു വരുത്തുന്ന കാര്യം പരിഗണിക്കാമോ ;

(സി) ഭൂമിയുണ്ടെങ്കിലും കൃഷി ചെയ്യാൻ സാധിക്കാത്ത ക്ഷേത്രങ്ങൾക്കു സാമ്പത്തികസൗകര്യം എന്തുവഴിക്കു നൽകാൻ കഴിയും എന്ന കാര്യവും ആലോചിക്കാമോ ;

(ഡി) ക്ഷേത്രങ്ങൾക്കു സ്ഥിരം വരവുണ്ടാകുന്ന ഇത്തരം കാര്യങ്ങളിൽ മുൻകൈ എടുത്തു വേണ്ടതു പ്രവർത്തിക്കാമോ ?

ഉത്തരം.

(എ) ക്ഷേത്രങ്ങളിലെ ട്രസ്റ്റികളുമായി ആലോചിച്ചു വേണ്ട നടപടികൾ എടുക്കാം.
(ബി) പരിഗണിക്കാം.
(സി) ആലോചിക്കാം.
(ഡി) ക്ഷേത്ര ഭാരവാഹികളിൽനിന്നു ഇതു സംബന്ധിച്ചു അപേക്ഷകൾ ലഭിക്കുമ്പോൾ ഈ കാര്യം പരിഗണിക്കുന്നതാണ്.

റൈസ് മില്ലുകൾ.

30. [9] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ ; താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1962–63 വർഷത്തിൽ എത്ര റൈസ് മില്ലുകൾക്കു അനുവാദം കൊടുത്തു ;

LIBRARY ARCHIVES Kerala Legislative Assembly